അബ്ദുർറഹ്മാൻ മങ്ങാട്

# ഇന്ത്യയിലെ ഹദീസ് പണ്ഡിതന്മാർ

**ഇസ്‌ലാം** ഇന്ത്യയിലേക്കു വന്നത് രണ്ടു മാർഗങ്ങളിലൂടെയാണ്. കരമാർഗവും കടൽവഴിയും. ഇന്ത്യയിലേക്കു മുഗളന്മാർ, പത്താൻകാർ, തുർക്കികൾ എന്നിവർ കടന്നുവന്ന ഖൈബർ ചുരമാണ് കരമാർഗം. ഹിജ്റ നാലാം നൂറ്റാണ്ടിന്റെ അവസാനം മുതൽ അഞ്ചാം നൂറ്റാണ്ടിന്റെ ആദ്യപാദംവരെയാണ് ഇതുണ്ടായത്. എന്നാൽ, ഇതിനും വളരെ മുമ്പുതന്നെ അറബ് വ്യാപാരികൾ ഇന്ത്യയുടെ തീരപ്രദേശങ്ങളിൽ വിശിഷ്യാ മലബാർ, സിന്ധ്, ഗുജറാത്ത് തുടങ്ങിയ പ്രദേശങ്ങളിൽ വ്യാപിച്ചിരുന്നു. അവരുടെ മതവും സംസ്കാരവും വൈജ്ഞാനികസമ്പത്തും വേദഗ്രന്ഥവുമെല്ലാം അവരോടൊപ്പമുണ്ടായിരുന്നു. അറബ് മുസ്‌ലിംകളും ഇറാഖികളും ഇവിടെ അവരുടെ കോളനികളും പള്ളികളും സ്ഥാപിച്ചു. ഈ പള്ളികൾ തന്നെയായിരുന്നു അവരുടെ വൈജ്ഞാനിക കേന്ദ്രങ്ങൾ. അതിനും അനേക വർഷങ്ങൾക്കു ശേഷമാണ് പോരാളികളായി മുസ്‌ലിംകൾ ഇന്ത്യയിലെത്തിയത്.



### സ്വഹാബികൾ ഇന്ത്യയിൽ

ഉമറുബ്നുൽ ഖത്ത്വാബി(റ)ന്റെ കാലം മുതൽതന്നെ മുസ്‌ലിംകൾ ഇന്ത്യൻ കടൽതീരങ്ങളിൽ സൈനികനീക്കം നടത്തിയിരുന്നു. ഇത് പിന്നീടും തുടർന്നു. ഈ സംഘങ്ങളിൽ ഹദീസ് റിപ്പോർട്ടർമാരും പണ്ഡിതന്മാരുമായ സ്വഹാബികളുമുണ്ടായിരുന്നു. ഇന്ത്യൻ മഹാസമുദ്രതീരത്ത് ബോംബെക്കു മുമ്പെ പ്രസിദ്ധമായ ത്വാന തുറമുഖവും ഈ ആക്രമണത്തിനു വിധേയമായി. തുടർന്ന് അവർ ഗുജറാത്തിലെ ബറൂത്ച്ചിയിലേക്കു നീങ്ങി. ഈ യോദ്ധാക്കളിൽ നബി(സ) യുടെ ദർശനഭാഗ്യം ലഭിച്ച അസംഖ്യം സ്വഹാബികളുണ്ടായിരുന്നുവെന്ന വസ്തുത അനിഷേധ്യമാണ്. അതിലൂടെ സ്വഹാബികളുടെ പാദസ്പർശനമേൽക്കാൻ ഭാഗ്യംലഭിച്ച ഭൂമിയാണ് ഇന്ത്യ.

### ഇന്ത്യയിലെ ആദ്യ മുഹദ്ദിസ്

ഹിജ്റ 93-ൽ മുസ്‌ലിംകൾ സിന്ധ് ആക്രമിച്ച് അധീനപ്പെടുത്തി. തുടർന്ന് ഹിജ്റ മൂന്നാം നൂറ്റാണ്ടിന്റെ ആരംഭംവരെ ഈ പ്രദേശം മുസ്‌ലിംകളുടെ അധീനതയിലായിരുന്നു. ഹിജ്റ 159-ൽ ഖലീഫ മഹ്ദി ഇന്ത്യയിലേക്ക് അയച്ച സൈന്യത്തിൽ രണ്ടു പ്രമുഖ താബിഈ മുഹദ്ദിസുകൾ ഉണ്ടായിരുന്നു. ഒന്ന് ശൈഖ് റബീഉബ്നു അസ്സബീഹ് അൽ ബസ്വരി. കശ്ഫുള്ളുനൂൻ (كشف الظنون) എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'ഇസ്‌ലാമിൽ അധ്യായങ്ങൾ തിരിച്ചു ഗ്രന്ഥരചന നടത്തിയ ആദ്യവ്യക്തി

ഇദ്ദേഹമാണ്.' ത്വബഖാത്ത് ഇബ്നു സഅ്ദിൽ ഇങ്ങനെ കാണാം: 'അദ്ദേഹം സമുദ്രമാർഗം, പോരാളിയായി ഇന്ത്യയിലേക്കു പുറപ്പെട്ടു. അങ്ങനെ മരണപ്പെട്ടപ്പോൾ (ഹിജ്റ 160-ൽ) ഇന്ത്യൻ സമുദ്രത്തിലെ ഒരു ദ്വീപിൽ അദ്ദേഹത്തെ ഖബ്റടക്കുകയും ചെയ്തു. (വാല്യം 7, പേജ്. 36)

ഇന്ത്യയിലെ മറ്റൊരു പ്രമുഖ താബിഇയാണ് ഹബാബ് ബ്നു ഫളാല. നബി(സ)യുടെ സേവകനായ അനസുബ്നു മാലികി(റ)നെ അദ്ദേഹം കണ്ടിട്ടുണ്ട്. ഇന്ത്യയിലേക്ക് അയച്ച സൈന്യത്തിന്റെ കൂടെ അദ്ദേഹത്തിന്റെ പേരും രേഖപ്പെടുത്തിയിട്ടുണ്ട്. പക്ഷേ, മാതാപിതാക്കളുടെ അനുവാദമില്ലാതെ യുദ്ധത്തിനു പുറപ്പെടൽ അനുവദനീയമാണോ എന്ന് അനസി(റ)നോട് ചോദിച്ചപ്പോൾ, അദ്ദേഹം നാട്ടിലേക്ക് മടങ്ങാനാണുപദേശിച്ചത്. നാട്ടിലേക്ക് മടങ്ങിയോ, ഇന്ത്യയിലേക്ക് പുറപ്പെട്ടോ എന്നകാര്യം വ്യക്തമല്ല. (മീസാനുൽ ഇഅ്തിദാൽ, വാല്യം 1, പേജ്. 208)

ഹസൻ ബസ്വരിയുടെ ശിഷ്യനായ ഇസ്റാഈലുബ്നു മൂസ(റ) പല പ്രാവശ്യം ഇന്ത്യയിൽ വരികയും തിരിച്ചുപോവുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടദ്ദേഹം നസീലുൽ ഹിന്ദ് (نزيل الهند) എന്ന സ്ഥാനപ്പേരിലാണ് അറിയപ്പെടുന്നത്.

### ഇന്ത്യയിൽനിന്ന് രണ്ട് മുഹദ്ദിസുകൾ

ഹിജ്റ രണ്ടാം നൂറ്റാണ്ടിലെ ഹദീസ്, സീറ ആചാര്യന്മാരിൽ പ്രമുഖനാണ് അബൂമഅ്ശർ നജീഹുസ്സിൻദി. മദീനയിൽ പോയി സ്ഥിരതാമസമാക്കിയതിനാൽ അദ്ദേഹം മദനി എന്ന പേരിലറിയപ്പെടുന്നു. നബിചരിത്രം, യുദ്ധവിവരണം എന്നിവയിൽ ഗ്രന്ഥരചന നടത്തിയവരിൽ മുമ്പനാണദ്ദേഹം. ഹിജ്റ 170-ൽ അന്തരിച്ചു. ജീവിതാവസാനംവരെ അദ്ദേഹത്തിന്റെ ഭാഷക്ക് ഒരു സിന്ധ് ചുവയുണ്ടായിരുന്നു. അറബി അക്ഷരം സ്പഷ്ടമായി ഉച്ചരിക്കാൻ അദ്ദേഹത്തിനു പ്രയാസമായിരുന്നു. എങ്കിലും നല്ലൊരു വിഭാഗം ശിഷ്യ പരമ്പര അദ്ദേഹത്തെ സമീപിക്കാറുണ്ടായിരുന്നു. മരണപ്പെട്ടപ്പോൾ ഖലീഫ ഹാറൂൻ റശീദ് ജനാസ സന്ദർശിക്കുകയും മയ്യിത്ത് നമസ്കാരത്തിനു നേതൃത്വം നൽകുകയും ചെയ്തു.

**ഖൈബർ ചുരം വഴി ഇന്ത്യയിലെത്തിയ പണ്ഡിതന്മാർ കർമശാസ്ത്ര ഗ്രന്ഥങ്ങളുടെ കെട്ടുകളുമായാണ് ഇന്ത്യയിലെത്തിയത്. കാരണം അത് ഭരണവ്യവസ്ഥയുടെ അടിസ്ഥാനവും രാഷ്ട്രനിയമവും സുൽത്താന്മാരുടെ അടുപ്പം നേടാനുള്ള ഉപാധിയുമായിരുന്നു. മുഗൾ ഭരണത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഫിഖ്ഹ്, ഫത്വ എന്നീ വിഷയങ്ങളിൽ അനേകം ഗ്രന്ഥങ്ങളുണ്ടായി. അവയിൽ ഏറ്റവും പ്രശസ്തം 'ഫതാവ ഹിന്ദിയ്യ'യാണ്.**

മറ്റൊരു മുഹദ്ദിസാണ് റാജാഉസ്സിൻദി. ഇറാനിലേക്കു പോയ അദ്ദേഹം 'ഇസ്ഫറാഇനി' എന്ന നാമത്തിൽ പ്രശസ്തനാണ്. പ്രഗത്ഭ മുഹദ്ദിസ് ഹാകിം അബൂ അബ്ദില്ലാഹിന്നയ്സാപൂരി, 'ഹദീസ് വിജ്ഞാനത്തിലെ മഹാസ്തംഭം' എന്നു വിശേഷിപ്പിക്കാൻ മാത്രം കഴിവും പ്രാഗത്ഭ്യവും തെളിയിച്ച വ്യക്തിയാണിദ്ദേഹം. ആ കുടുംബം ഒരുപാട് ഹദീസ് പണ്ഡിതന്മാർക്ക് ജന്മം നൽകിയിട്ടുണ്ട്. ഹിജ്റ 321-ൽ അദ്ദേഹം അന്തരിച്ചു.

### ഖൈബർ ചുരം വഴി വന്ന ആദ്യ മുഹദ്ദിസ്

ഹിജ്റ അഞ്ചാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഖൈബർചുരം വഴി മുസ്ലിംകൾ ഇന്ത്യയിൽ പ്രവേശിച്ചത്. ഹിജ്റ 412-ൽ സുൽത്താൻ മുഹമ്മദ് ഗസ്നവി ലാഹോർ കീഴടക്കി. സുൽത്താൻ മസ്ഊദിന്റെ ഭരണകാലത്ത് ഹദീസ്-തഫ്സീർ വിജ്ഞാനീയങ്ങളിൽ അഗാധ ജ്ഞാനിയായ ശൈഖ് ഇസ്മാഈൽ ഇന്ത്യയിൽ എത്തി. നല്ല സംസാര വൈഭവമുള്ള അദ്ദേഹംമുഖേന അസംഖ്യം പേർ ഇസ്ലാം സ്വീകരിച്ചു. അദ്ദേഹം പ്രമുഖ മുഹദ്ദിസുകളുടെയും മുഫസ്സിറുകളുടെയും ഗണത്തിൽപെടുന്നു. ഹദീസ്-തഫ്സീർ വിജ്ഞാനങ്ങൾ ആദ്യമായി ലാഹോറിൽ വ്യാപിപ്പിച്ചത് അദ്ദേഹമാണ്. ഹിജ്റ 448-ൽ ലാഹോറിൽ അന്തരിച്ചു. (അൽഫിഹ്രിസ്ത-ഇബ്നുന്നദീം, പേജ്. 136)

ശൈഖ് ഇസ്മാഈലിന്റെ മരണശേഷം ഹദീസ് വിജ്ഞാനത്തിന്റെ കിരണങ്ങൾപോലും ഇന്ത്യയിൽനിന്നു അപ്രത്യക്ഷമായി. പിന്നീട് ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഇന്ത്യയിലെത്തി ഹദീസ് പ്രചരിപ്പിച്ച, 'മശാരിഖുൽ അൻവാർ' (مشارق الأنوار) എന്ന ഗ്രന്ഥത്തിന്റെ കർത്താവ് കൂടിയായ ഇമാം സാഗാനിയാണ് ഇൽമുൽ ഹദീസിനു ശക്തമായ തുടക്കം കുറിച്ചത്. പക്ഷേ, ഇന്ത്യക്കകത്തുള്ളതിനേക്കാൾ പ്രശസ്തി അദ്ദേഹത്തിനു പുറത്തായിരുന്നു.

'മാ വറാഅന്നഹ്ർ പ്രദേശത്തുള്ള കുടുംബാംഗമാണ് ഹസനുബ്നു മുഹമ്മദ് അസ്സഗാനി. അദ്ദേഹത്തിന്റെ പിതാവ് ഇന്ത്യയിൽ വന്നു താമസമാക്കി. ഹിജ്റ 570-ൽ അദ്ദേഹം ജനിച്ചു. പിതാവിൽനിന്നുതന്നെ പ്രാഥമിക പഠനം പൂർത്തിയാക്കി. തുടർന്ന് യമൻ, ഹിജാസ്, ഇറാഖ് എന്നീ രാജ്യങ്ങളിൽ പഠനം നടത്തി. ഭാഷയിലും ഹദീസിലും ഇമാമായി പരിഗണിക്കപ്പെട്ടു. ബഗ്ദാദിൽ വെച്ചാണ് തന്റെ ഹദീസ് ഗ്രന്ഥമായ 'മശാരിഖുൽ അൻവാർ' എന്ന ഗ്രന്ഥം രചിച്ചത്. അബ്ബാസീ ഖലീഫ മുസ്തൻസിർ ബില്ലാഹിക്കാണ് ഗ്രന്ഥം സമർപ്പിച്ചത്. ഈ വിഷയത്തിൽ അദ്ദേഹത്തിനു മറ്റു ഗ്രന്ഥങ്ങളുമുണ്ട്. ഹിജ്റ 615-ൽ ബഗ്ദാദിൽ പോയ അദ്ദേഹം അബ്ബാസീ ഖലീഫയുടെയും ഇന്ത്യൻ സുൽത്താന്റെയും ഇടയിൽ അമ്പാസഡറായി ജോലിനോക്കി. ഹിജ്റ 650-ൽ അന്തരിച്ചു.

'മിശ്കാത്തുൽ മസ്വാബീഹ്' പോലെ വിവിധ അധ്യായങ്ങളായി തിരിച്ചു ക്രോഡീകരിച്ച ഗ്രന്ഥമാണ് 'മശാരിഖുൽ അൻവാർ' മിശ്കാത്ത് കർമശാസ്ത്ര വിഷയാടിസ്ഥാനത്തിലാണ് ക്രോഡീകരിച്ചതെങ്കിൽ 'മശാരിഖ്' അക്ഷരമാലാക്രമത്തിലാണെന്നു മാത്രം.

ചുരുക്കത്തിൽ, ഈ രംഗത്ത് ഈ കാലയളവിൽ മഹത്തായ സേവനമർപ്പിച്ച വ്യക്തി, ഇമാം സാഗാനിയും ഗ്രന്ഥം മശാരിഖുൽ അൻവാറുമാണ്. പക്ഷേ, ഈ ഗ്രന്ഥം ഇന്ത്യൻ പണ്ഡിതന്മാരിൽ വളരെ കുറഞ്ഞ സ്വാധീനമേ ചെലുത്തിയിട്ടുള്ളൂ. കാരണം അദ്ദേഹം തന്റെ ജീവിതത്തിന്റെ നല്ല പങ്കും വിനിയോഗിച്ചത് അറബ്, ഇറാഖ് രാജ്യങ്ങളിലാണ്. അതുകൊണ്ടുതന്നെ അറബ് ലോകത്താണ് ഏറ്റവുംകൂടുതൽ സ്വീകാര്യത ലഭിച്ചതും. നമ്മുടെ പണ്ഡിതന്മാരധികവും മൻത്വിഖ് (തർക്കശാസ്ത്രം), ഫൽസഫ (തത്ത്വശാസ്ത്രം), ഇൽമുൽകലാം (വചനശാസ്ത്രം), കർമശാസ്ത്രം എന്നിവ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്.

### ഹദീസിനോടുള്ള അവഗണന

യഥാർഥത്തിൽ ഖൈബർചുരം വഴി ഇന്ത്യയിലെത്തിയവരിലധികവും തുർക്കിസ്താൻ, ഖുറാസാൻ, അഫ്ഗാനിസ്താൻ എന്നീ മേഖലയിൽനിന്നുള്ളവരായിരുന്നു. ഹിജ്റ

മൂന്നാം നൂറ്റാണ്ടിലെ ഹദീസ് വിജ്ഞാനത്തിന്റെ കേന്ദ്രങ്ങളാണ് ഈ പ്രദേശങ്ങൾ. പ്രസിദ്ധ മുഹദ്ദിസുകളായ ഇമാം ബുഖാരി, മുസ്‌ലിം, തിർമിദി, നസാഈ, അബൂദാവൂദ്, ഇബ്നുമാജ(റ) തുടങ്ങിയവരെല്ലാം ജനിച്ചുവളർന്നത് ഈ നാടുകളിലാണ്. എങ്കിലും അബ്ബാസിയ്യാ ഖിലാഫത്ത് ക്ഷയിച്ച് ദുർബലമാവുകയും സ്വതന്ത്ര അനറബി ഭരണകൂടങ്ങൾ ഇവിടങ്ങളിൽ നിലവിൽവരികയും ചെയ്തപ്പോൾ ഹദീസിനുള്ള പരിഗണന കുറയാൻ തുടങ്ങി. താർത്താരി ആക്രമണങ്ങളോടെ അത് പൂർണമാവുകയും ചെയ്തു. മതപഠനത്തിന്റെ ലക്ഷ്യം ജഡ്ജിയുടെ ജോലി ലഭിക്കുകയെന്നത് മാത്രമായി. ഫിഖ്ഹ് പഠനം സാർവത്രികമാവുകയും സ്വീകാര്യത നേടുകയും ചെയ്തതോടെ തഫ്സീർ-ഹദീസ് പഠനങ്ങൾ അവഗണിക്കപ്പെട്ടു. അക്കാരണത്താൽ തുർക്കിസ്താൻ, ഖുറാസാൻ എന്നീ പ്രദേശങ്ങളിൽനിന്ന് ഇസ്‌ലാമിക പഠനത്തിനു ഇന്ത്യയിലെത്തിയ വിദ്യാർഥികൾ നഹ്‌വ്, സ്വർഫ്, ഫിഖ്ഹ് എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഈ വിഷയത്തിൽ അനേകം രചനകളുണ്ടായി. എന്നാൽ, അനുയോജ്യമായ പരിഗണന ഹദീസിനു ലഭിച്ചില്ല.

ഖൈബർ ചുരം വഴി ഇന്ത്യയിലെത്തിയ പണ്ഡിതന്മാർ കർമശാസ്ത്ര ഗ്രന്ഥങ്ങളുടെ കെട്ടുകളുമായാണ് ഇന്ത്യയിലെത്തിയത്. കാരണം അത് ഭരണവ്യവസ്ഥയുടെ അടിസ്ഥാനവും രാഷ്ട്രനിയമവും സുൽത്താന്മാരുടെ അടുപ്പം നേടാനുള്ള ഉപാധിയുമായിരുന്നു. മുഗൾ ഭരണത്തിന്റെ തുടക്കം മുതൽ ഒടുക്കം വരെ ഫിഖ്ഹ്, ഫത്‌വ എന്നീ വിഷയങ്ങളിൽ അനേകം ഗ്രന്ഥങ്ങളുണ്ടായി. അവയിൽ ഏറ്റവും പ്രശസ്തം 'ഫതാവ ഹിന്ദിയ്യ'യാണ്.

മൊത്തത്തിൽ ഇന്ത്യയിൽ മുഗൾ കാലഘട്ടത്തിന്റെ മുമ്പ് ഹദീസിനു പ്രചുര പ്രചാരം ലഭിച്ചിരുന്നില്ല. തുഗ്ലക് കാലഘട്ടം വരെ ഹദീസിലെ പഠനഗ്രന്ഥം 'മശാരിഖുൽ അൻവാർ' മാത്രമായിരുന്നു. മിശ്കാതുൽ മസ്വാബീഹ് പഠിച്ചു കഴിഞ്ഞാൽ അയാൾ ഹദീസ് വിജ്ഞാനീയത്തിലെ ഇമാമായി.

ഹദീസിനുള്ള പരിഗണന എത്രമാത്രമായിരുന്നുവെന്ന് മനസ്സിലാക്കാൻ സുൽത്താൻ ഗിയാസുദ്ദീൻ തുഗ്ലക്കിന്റെ കാലത്ത് സംഗീതോപകരണങ്ങളുടെ ശബ്ദം കേൾക്കുന്ന വിഷയത്തിലുള്ള അഭിപ്രായവ്യത്യാസം ശ്രദ്ധിച്ചാൽ മതി. തദ്വിഷയത്തിലുള്ള യാഥാർഥ്യം വ്യക്തമാകാൻ വാദപ്രതിവാദം സംഘടിപ്പിച്ചു. ശൈഖ് നിസാമുദ്ദീൻ ഒരു ഭാഗത്തും, മറ്റു പണ്ഡിതന്മാർ മറുഭാഗത്തുമായി അണിനിരന്നു. ശൈഖ് നിസാമുദ്ദീൻ പറയുകയാണ്: ഞാനൊരു ഹദീസ് ഉദ്ധരിക്കുമ്പോൾ മറുഭാഗം വളരെ തന്റേടത്തോടെ വളച്ചുകെട്ടില്ലാതെ പറയും, 'ഹദീസിനേക്കാൾ പ്രാമുഖ്യം ഫിഖ്ഹിനാണ്'. മറ്റുചിലപ്പോൾ ഇങ്ങനെയാവും പറയുക: 'ഈ ഹദീസ് ശാഫിഈ ഇമാം തെളിവായി ഉദ്ധരിച്ചതാണ്. അദ്ദേഹം നമ്മുടെ എതിർപക്ഷക്കാരനായതുകൊണ്ട് നമുക്ക് ഈ ഹദീസ് സ്വീകാര്യമല്ല.'

ചുരുക്കത്തിൽ, തലസ്ഥാനമായ ദൽഹിയും ചുറ്റുമുള്ള പ്രദേശങ്ങളും ഏഴാം നൂറ്റാണ്ടിന്റെ മധ്യംവരെ ഹദീസ് ശാഖയെക്കുറിച്ച് തികഞ്ഞ അജ്ഞതയിലായിരുന്നു. മുസ്‌ലിംകളുടെ അശ്രദ്ധ മാത്രമായിരുന്നില്ല ഇതിനു കാരണം, അറബ് രാജ്യങ്ങളിലേക്കുള്ള യാത്ര വളരെ ദുഷ്കരമായിരുന്നതും മറ്റൊരു പ്രധാന കാരണമാണ്.

### ബാഹ്മിനി വംശവും ഇൽമുൽ ഹദീസും

ഡക്കാനിൽ അധികാരത്തിൽ വന്ന ബാഹ്മിനി വംശം തീരപ്രദേശത്തേക്കുകൂടി വ്യാപിച്ചതോടെ അറബ് നാടുകളിലേക്കുള്ള യാത്ര സുഗമമായിത്തീർന്നു. സുൽത്താൻ മഹ്മൂദ് ബാഹ്മിനി ഈ വിജ്ഞാനത്തോട് വളരെയധികം ആഭിമുഖ്യം പുലർത്തിയ വ്യക്തിയായിരുന്നു. ഇന്ത്യൻ രാജാക്കന്മാരിൽ ഹദീസ് പ്രചരിപ്പിക്കാൻ ശ്രമിച്ച ആദ്യ വ്യക്തിയും അദ്ദേഹം തന്നെയാണ്. ഹിജ്റ 780 മുതൽ 799 വരെയാണ് ഭരണകാലം. താരീഖ് ഫിരിസ്ത ഇങ്ങനെ രേഖപ്പെടുത്തുന്നു:

'വിവിധ നഗരങ്ങളിൽ ഹദീസ് പഠിതാക്കൾക്ക് അദ്ദേഹം സ്കോളർഷിപ്പുകൾ ഏർപ്പെടുത്തി.'

### ഗുജറാത്ത് രാജാക്കന്മാരും ഹദീസും

ജസീറത്തുൽ അറബുമായി സുദൃഢ ബന്ധം സ്ഥാപിച്ചതിൽ മുഖ്യ പങ്ക് ഗുജറാത്ത് ഭരണാധികാരികൾക്കാണ്. ഹിജ്റ ഒന്നാം നൂറ്റാണ്ടുമുതൽ അഞ്ചാം നൂറ്റാണ്ടുവരെ ഈ ഭൂവിഭാഗം മുസ്‌ലിം ആക്രമണത്തിനു വിധേയമായിട്ടുണ്ട്. പക്ഷേ, പൂർണാധിപത്യം നേടാൻ കഴിഞ്ഞിരുന്നില്ല. സുൽത്താൻ അലാവുദ്ദീൻ ഖിൽജിയാണ് പൂർണ വിജയം നേടിയത്. സുൽത്താൻ മുഹമ്മദ് ഷാഹ് തുഗ്ലക്കിന്റെ ഭരണകാലത്ത് സംസ്ഥാന ഗവർണറായിരുന്ന സഫർഖാൻ, കേന്ദ്രഭരണകൂടത്തിന്റെ ദൗർബല്യം മുതലെടുത്ത് ഇവിടെ സ്വതന്ത്രഭരണം സ്ഥാപിച്ചു. ഹിജ്റ 810-ൽ ഫൈറൂസ് ഷാ തുഗ്ലക്കിന്റെ കാലത്താണിത്. സുൽത്താൻ മുളഫ്ഫർ (مظفر) എന്ന സ്ഥാനപ്പേർ സ്വീകരിച്ച അദ്ദേഹത്തിന്റെ പുത്രൻ അഹ്മദ് ഷാ ഒന്നാമന്റെ കാലത്താണ് അറബ് ബന്ധം സുദൃഢമായത്. വ്യവസ്ഥാപിതമായി കപ്പൽ യാത്രക്കുള്ള സംവിധാനങ്ങളുണ്ടായി. ഹജ്ജ്, പഠന യാത്രകൾ സമുദ്രമാർഗമായതോടുകൂടി ഹിജാസുമായുള്ള നിരന്തര ബന്ധം ഹദീസ് പഠനശാഖയെ പരിപോഷിപ്പിച്ചു.

### ഇറാനിലെ സ്വഫവീ ഭരണം

ഇറാനിലെ സ്വഫവീഭരണകാലത്തെ തീവ്രവംശീയത ഒരു നിലക്ക് ഇന്ത്യക്ക് അനുഗ്രഹമായിത്തീർന്നു. ശീഇസം രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായതോടെ അവിടെയുള്ള അഹ്‌ലുസ്സുന്നഃയുടെ പണ്ഡിതന്മാർ, സ്വരാജ്യമുപേക്ഷിച്ച് ഇന്ത്യയിലേക്കും അറേബ്യയിലേക്കും ഹിജ്റ പോയി.

ഗുജറാത്തിലെ ഭരണാധികാരിയായിരുന്ന സുൽത്താൻ അഹ്മദ് ഷാ ഒന്നാമന്റെ (ഭരണം ഹി. 812-824) കാലത്ത് ഇവിടെയെത്തിയ ശൈഖ് നൂറുദ്ദീൻ അഹ്മദ് ശീറാസി ഇവരിൽ പ്രമുഖനായിരുന്നു. സയ്യിദ് ശരീഫുൽ ജുർജാനിയുടെ ശിഷ്യനായ അദ്ദേഹത്തിൽനിന്ന് ഹിജാസ്, യമൻ തുടങ്ങിയ നാടുകളിലുള്ള അനേകം പണ്ഡിതന്മാർ ബുഖാരിയുടെ സനദ് നേടുകയുണ്ടായി.

### ഇൽമുൽ ഹദീസിന്റെ തുടക്കം

ഹിജ്റ ഒമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും പത്താം നൂറ്റാണ്ടിന്റെ ആരംഭത്തിലുമാണ് ഇന്ത്യയിലെ ഹദീസ് വിജ്ഞാന ശാഖയുടെ വളർച്ചയും പ്രചാരണവും ശക്തമായത്. ഈജിപ്ത്, സിറിയ, ഹിജാസ് തുടങ്ങിയ അറബ് നാടുകളിൽ ഇമാം ഹാഫിസ് മുഹമ്മദുബ്നു അബ്ദിർറഹ്മാൻ അസ്സഖാവിയുടെ പ്രശസ്തി അലയടിച്ചുയർന്ന കാലഘട്ടമാണിത്. ലോകത്തിന്റെ എല്ലാ ഭാഗങ്ങളും അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു. അദ്ദേഹം മദീനയിലെത്തിയപ്പോൾ പ്രശസ്തിയുടെ പാരമ്യത കൈവരിച്ചു. ഹി. 902-ൽ അന്തരിച്ചു.

### സഖാവിയുടെ ശിഷ്യപരമ്പര

മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളേക്കാൾ ഈ രംഗത്ത് ഗുജറാത്ത് മുൻപന്തിയിലായിരുന്ന കാര്യം മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. തുടർന്ന് ആഗ്രയിലെ പള്ളികളും പാഠശാലകളും ഈ കൈത്തിരി കാത്തുസൂക്ഷിച്ചു. ഒരുപക്ഷേ ഇമാം സഖാവിയുടെ പ്രഥമ ശിഷ്യനാണ് ശൈഖ് റാജിഅ് ബിൻ ദാവൂദ് അൽ ഗുജറാത്തി. സഖാവിയുടെ ക്ലാസിൽ വ്യവസ്ഥാപിതമായി പങ്കെടുത്ത് 'അൽഫിയ്യത്തുൽ ഹദീസ്' എന്ന ഗ്രന്ഥത്തിന്റെ ഇജാസത്ത് നേടി. പിന്നീട് ഗുജറാത്തിലെത്തിയ അദ്ദേഹത്തിനു ജനങ്ങൾ ഗംഭീര വരവേൽപാണ് നൽകിയത്. ഹി. 904-ൽ അഹ്മദാബാദിൽ അദ്ദേഹം അന്തരിച്ചു.

മറ്റൊരു പ്രമുഖ വ്യക്തിയാണ് ശൈഖ് വജീഹുദ്ദീനുൽ

മാലികി. 'മലികുൽ മുഹദ്ദിസീൻ' എന്ന സ്ഥാനപ്പേര് നൽകി ഗുജറാത്ത് ഗവൺമെന്റ് അദ്ദേഹത്തെ ആദരിച്ചു. ഗുജറാത്ത് സ്വദേശമായി സ്വീകരിച്ച അദ്ദേഹം 929-ൽ അന്തരിച്ചു.

ശൈഖ് വജീഹുദ്ദീന്റെ സമകാലികനാണ് ശൈഖ് അലാ ഉദ്ദീൻ അഹ്മദ് അന്നഹർവാലി. അദ്ദേഹം ഹിജാസിലേക്ക് പോവുകയും ഹാഫിസ് ഇബ്നു ഫഹ്ദ്, ശൈഖ് നൂറുദ്ദീൻ ശീറാസി എന്നിവരിൽനിന്ന് ഹദീസിലുള്ള ഇജാസത്ത് സ്വീകരിക്കുകയും ഹി. 945-ൽ മക്കയിൽ അന്തരിക്കുകയും ചെയ്തു.

ഇമാം സഖാവിയുടെ മറ്റൊരു പ്രമുഖ ശിഷ്യനാണ് ശൈഖ് മുഹമ്മദുബ്നു ഉമറൽ ഹള്റമി. അദ്ദേഹം ഗുജറാത്തിലെത്തിയപ്പോൾ സുൽത്താൻ മുളഫ്ഫർ ഷാഹ് അൽഹലീം അദ്ദേഹത്തിന്റെ ശിഷ്യത്വം സ്വീകരിക്കുകയും ഹദീസ് പഠിക്കുകയും ചെയ്തു. ഹി. 931-ൽ അഹ്മദാബാദിൽ അന്തരിച്ചു.

ഹാഫിള് സഖാവിയിൽനിന്ന് നേരിട്ട് ഹദീസ് പഠിക്കുകയും വൈജ്ഞാനിക തൽപരനായിരുന്ന സുൽത്താൻ സിക്കന്ദർ ലോദിയുടെ കാലഘട്ടത്തിൽ ഗുജറാത്തിൽ ഹദീസ് പഠനം ത്വരിതപ്പെടുത്തുകയും ചെയ്ത മറ്റൊരു പ്രമുഖനാണ് സയ്യിദ് റഫീഉദ്ദീൻ അസ്സ്വഫവീ അശ്ശീറാസി. ഹിജ്റ 954-ൽ അന്തരിച്ച അദ്ദേഹം, അറബ് ചരിത്രകാരന്മാർ 'മുഹദ്ദിസുൽഹിന്ദ്' എന്ന് പരിചയപ്പെടുത്തിയ അബുൽ ഫതഹ് അത്താനേശ്വരിയടക്കമുള്ള ശിഷ്യപരമ്പരയിലൂടെ ഹദീസ് വിജ്ഞാനത്തിന് അടിത്തറപാകി.

### ഇബ്നു ഹജറിന്റെ ശിഷ്യപരമ്പര

അറബ് ലോകം വൈജ്ഞാനിക-ഭൗതിക രംഗങ്ങളിൽ പരിവർത്തന വിധേയമായിക്കൊണ്ടിരുന്ന സന്ദർഭം. ഇന്ത്യയിലെ മുഗൾ ഭരണം അത്യുന്നതിയിൽ നിൽക്കുന്ന കാലം. ഹാഫിള് ഇബ്നു ഹജർ ഹദീസ് രംഗത്ത് ലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റിയ അവസരമായിരുന്നു. ശൈഖ് സകരിയ്യൽ അൻസ്വാരി, ശൈഖ് സംഹൂദി, ശൈഖ് അബുൽ ഹസനിൽ ബകരി എന്നിവരുടെ ശിഷ്യനാണ് ഇബ്നു ഹജർ(റ). ഹിജ്റ 973-ൽ അദ്ദേഹം അന്തരിച്ചു.

### അക്ബറിന്റെ കാലഘട്ടം

അക്ബറിന്റെ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ രാഷ്ട്രകാര്യ മന്ത്രിയായിരുന്ന ബൈറംഖാൻ ഹദീസ് പണ്ഡിതന്മാർ ഉൾപ്പെടെ എല്ലാ വിഭാഗം പണ്ഡിതന്മാരെയും ഗുജറാത്തിൽനിന്ന് ദൽഹിയിലേക്കു ക്ഷണിച്ചു. മീർ സയ്യിദ് അബ്ദുൽ അവ്വൽ ജോൺപൂരിയടക്കമുള്ളവർ ക്ഷണം സ്വീകരിക്കുകയും ദൽഹിയിൽ താമസമാക്കുകയും ചെയ്തു.

ശൈഖ് സകരിയ്യൽ അൻസാരിയുടെ ശിഷ്യനും ഗുജറാത്തിൽവന്ന് താമസിച്ച വ്യക്തിയുമാണ് ശൈഖ് അബ്ദുൽ മുഅ്ത്വി അൽമക്കി (മരണം ഹി. 983). ശിഹാബുദ്ദീൻ അഹ്മദുൽ അബ്ബാസി (ഹി. 922) മറ്റൊരു ശിഷ്യനാണ്. ഇബ്നു ഹജറി(റ)ന്റെ ശിഷ്യന്മാരായ ശൈഖ് മുഹമ്മദ് അബ്ദുല്ലാഹിൽ ഫാകിഹാനി (ഹി. 992), സയ്യിദ് അബ്ദുല്ലാഹിൽ അയ്ദുറൂസി (ഹി. 990) ശൈഖ് സഊദുശ്ശാഫിഈ (ഹി. 991) എന്നിവരും ഗുജറാത്ത് കേന്ദ്രമായി ഹദീസ് പ്രചരിപ്പിച്ചവരാണ്.

ഇബ്നു ഹജറി(റ)ന്റെ മറ്റൊരു പ്രമുഖ ശിഷ്യനാണ് ശൈഖ് യഅ്ഖൂബ് അസ്സർഫി അൽകശ്മീരി. ഹി. 988-ൽ ജനിച്ച് 1003-ൽ 26-ാം വയസ്സിൽ അന്തരിച്ച അദ്ദേഹം ശർഹുൽ ബുഖാരി, മഗാസിന്നുബുവ്വ, തഫ്സീറുൽ ഖുർആൻ എന്നീ ഗ്രന്ഥങ്ങളുടെ കർത്താവും മുജദ്ദിദ് അൽഫസാനി ശൈഖ് അഹ്മദ് അസ്സർഹിന്ദിയുടെ ഗുരുനാഥനുമാണ്. സമകാലികനായ മറ്റൊരു കശ്മീർ മുഹദ്ദിസാണ് ഇബ്നു ഹജറിന്റെ ശിഷ്യനായ മുല്ലാ മുഹമ്മദ് ശജ്റഫ്.

ചുരുക്കത്തിൽ, ഇമാം ഹാഫിള് അസ്സഖാഫി, ശൈഖ് സകരിയ്യൽ അൻസാരി, ഇബ്നു ഹജറുൽ അസ്ഖലാനി, ഇബ്നു ഹജറുൽ ഹൈതമി തുടങ്ങിയവരുടെ ശിഷ്യന്മാരായ നല്ലൊരു വിഭാഗം പണ്ഡിതന്മാർ ഗുജറാത്ത്, ആഗ്രാ, ദൽഹി, കശ്മീർ തുടങ്ങിയ മേഖലകളിലുള്ളവരായിരുന്നു.

### ശൈഖ് അലിയ്യുൽ മുത്തഖി (ഹി. 885 – 975)

ഹിജ്റ പത്താം നൂറ്റാണ്ടിന്റെ മധ്യേ ഇന്ത്യക്ക് ലഭിച്ച അമൂല്യ സമ്പത്താണ് ജോൺപൂർ സ്വദേശിയായ ശൈഖ് അലിയ്യുൽ മുത്തഖി. അദ്ദേഹത്തിന്റെ ഗുരുനാഥൻ, ശൈഖ് ഹുസാമുദ്ദീനുൽ മുത്തഖിയാണ്. അക്കാലഘട്ടത്തിലെ വൈജ്ഞാനിക തൃഷ്ണയുടെ ആഴം അറിയാനുള്ള അളവുകോലു കൂടിയാണ് അദ്ദേഹത്തിന്റെ ജീവിതം. ഹിജ്റ 953-ൽ തന്റെ 67-ാമത്തെ വയസ്സിൽ ഹദീസ് പഠനത്തിനായി ജസീറതുൽ അറബിലേക്കു പോയി. ഹാഫിസ് ഇബ്നു ഹജറുൽ ഹൈതമി, ശൈഖ് അബുൽ ഹസനുൽ ബകരി, ശൈഖ് മുഹമ്മദുബ്നു മുഹമ്മദിസ്സഖാവി തുടങ്ങി എണ്ണമറ്റ ഗുരുനാഥന്മാരുടെ ശിഷ്യത്വം സ്വീകരിച്ചു. തുടർന്ന് ഗുരുനാഥന്മാരെക്കാൾ പേരും പ്രശസ്തിയും പദവിയും അദ്ദേഹത്തിനു ലഭിച്ചു. അദ്ദേഹം ഒരു ഹദീസ് വിജ്ഞാനകോശം രചിച്ചു. ഹി. 957 മുതൽ 971 വരെയുള്ള തീവ്രശ്രമത്തിലൂടെയാണ് 'കൻസുൽ ഉമ്മാൽ ഫീ സുനനിൽ അഖ്വാലി വൽ അഫ്ആൽ' എന്ന ഹദീസ് വിജ്ഞാനകോശത്തിന്റെ രചന പൂർത്തീകരിച്ചത്. മറ്റൊരു ഗ്രന്ഥമാണ് 'മൻഹജുൽ ഉമ്മാൽ'. ഈ കാലയളവിൽ രണ്ടു പ്രാവശ്യം ഗുജറാത്തിൽ വരികയും സുൽത്താൻ മഹ്മൂദുൽ ഗുജറാത്തി അദ്ദേഹത്തിനു ഗംഭീരസ്വീകരണം നൽകുകയും ചെയ്തിട്ടുണ്ട്. തൊണ്ണൂറ്റി അഞ്ചാം വയസ്സിൽ അനങ്ങാൻ വയ്യാതെ കിടക്കുമ്പോൾപോലും ശമിക്കാത്ത അദ്ദേഹത്തിന്റെ അന്വേഷണതൃഷ്ണയെക്കുറിച്ച് ശിഷ്യൻ ശൈഖ് മുഹദ്ദിസ് അബ്ദുൽ ഹഖ് ദഹ്‌ലവി രേഖപ്പെടുത്തിയിട്ടുണ്ട്. (അഖ്ബാറുൽ അഖ്യാർ. പേജ്. 242)

അദ്ദേഹത്തിന്റെ ഇന്ത്യയിലെ ശിഷ്യപ്രമുഖരാണ് ശൈഖ് അബ്ദുൽവഹ്ഹാബുൽ മുത്തഖി, ശൈഖ് മുഹമ്മദ് ത്വാഹിറുൽ ഫതനി, ശാഹ് മുഹമ്മദുബ്നുഫള്ലില്ലാഹിൽ ബുർഹാൻപൂരി, ശൈഖ് അബ്ദുല്ല, ശൈഖ് റഹ്മത്തുല്ലാഹിസ്സിൻദി തുടങ്ങിയവർ. ഇവർക്കും അസംഖ്യം ഗ്രന്ഥങ്ങളും ശിഷ്യപരമ്പരകളുമുണ്ട്.

### മുല്ലാ അലിയ്യുൽ ഖാരി (മരണം ഹി. 1011)

അക്ബർ ചക്രവർത്തിയുടെ കാലഘട്ടത്തിൽ ജീവിച്ച പ്രമുഖ മുഹദ്ദിസാണ് ശൈഖ് മീർകുലാൻ. അദ്ദേഹത്തിന്റെ ശിഷ്യനാണ് ലോകപ്രശസ്തനായ മുല്ലാ അലിയ്യുൽ ഖാരി. മുഗൾ ഭരണത്തിൻ കീഴിലായിരുന്ന ഹറാത്തിലാണ് ജനനമെങ്കിലും വിദ്യയഭ്യസിച്ചതും പ്രശസ്തിനേടിയതും ഗ്രന്ഥങ്ങൾക്ക് പ്രചുരപ്രചാരം സിദ്ധിച്ചതുമൊക്കെ ഇന്ത്യയിലായതുകൊണ്ട് അദ്ദേഹത്തെ ഇന്ത്യൻ മുഹദ്ദിസുകളുടെ ഗണത്തിലാണ് പരിഗണിക്കാറ്.

ശൈഖ് സുൽത്താൻ മുഹമ്മദിന്റെ പുത്രനായ അദ്ദേഹം നാട്ടിൽനിന്ന് പ്രാഥമിക വിദ്യ നേടിയതിനുശേഷം ശൈഖ് മീർ കുലാനിൽനിന്നു 'മിശ്കാത്തുൽ മസ്വാബീഹ്' പഠിക്കുകയും തുടർന്നു മക്കയിലേക്കു പോവുകയും ചെയ്തു. അവിടെ വെച്ച് ശൈഖ് അബുൽ ഹസനുൽ ബകരി, സയ്യിദ് സകരിയ്യൽ അൻസാരി, ഇബ്നു ഹജറുൽ ഹൈതമി, ശൈഖ് അബ്ദുല്ലാഹിസ്സിൻദി, ശൈഖ് ഖുത്ബുദ്ദീൻ അന്നഹർവാലി എന്നിവരിൽനിന്നും ഹദീസ് പഠനം പൂർത്തീകരിച്ചു.

മിശ്കാത്തിന്റെ വ്യാഖ്യാനമായ മിർഖാതുൽ മഫാതീഹ്, ഖാദി ഇയാളിന്റെ 'അശ്ശിഫാ' എന്ന ഗ്രന്ഥത്തിന്റെ വ്യാഖ്യാനം. ശർഹ് ശമാഇലുത്തിർമിദി, തഖ്‌രീജുൽ അഹാദീസ്, ശർഹ് അകാഇദുന്നസഫി, നൂറുൽ ഖാരി ശർഹുസ്വഹീഹുൽ ബുഖാരി, ശർഹ് സ്വഹീഹു മുസ്‌ലിം, അൽമസ്നൂഅ് ഫീ മഅ്രിഫ

തിൽ മൗളൂഅ്, തദ്കിറത്തുൽ മൗളൂആത്ത് തുടങ്ങിയ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായുണ്ട്.

### ശൈഖ് അബ്ദുൽ ഹഖ് മുഹദ്ദിസുദ്ദഹ്‌ലവി

ജഹാംഗീർ ചക്രവർത്തിയുടെ കാലഘട്ടത്തിൽ ഹദീസ് പ്രചരിപ്പിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച വ്യക്തിത്വമാണ് അബ്ദുൽ ഹഖ് ദഹ്‌ലവി. അദ്ദേഹത്തിന്റെ പ്രഭാവലയത്തിൽ ദൽഹി, ഇസ്‌ലാമിക വിജ്ഞാനങ്ങളുടെ കേന്ദ്രമായി. ഹി. 958-ൽ അദ്ദേഹം ദൽഹിയിൽ ജനിച്ചു. പിതാവിൽനിന്നും പഠനം ആരംഭിച്ചു. പിന്നീട് മക്കയിലേക്കു പോവുകയും അബ്ദുൽ വഹ്ഹാബ് അൽമുത്തഖിയുടെ ക്ലാസിൽ വെച്ചു സ്വിഹാഹുസ്സിത്തഃ പഠിക്കുകയും ചെയ്തു. അദ്ദേഹം ധാരാളം ഗ്രന്ഥങ്ങൾ രചിക്കുകയും പേർഷ്യൻ ഭാഷയിലേക്ക് ഹദീസ് ഗ്രന്ഥങ്ങൾ ഭാഷാന്തരം നടത്തുകയും ചെയ്തു. ഹദീസ് വിജ്ഞാന ശാഖക്ക് ചൈതന്യവും ചലനാത്മകതയും കൈവന്നത് ദഹ്‌ലവിയുടെ പ്രവർത്തനങ്ങളിലൂടെയാണ്.

### ശാഹ് വലിയ്യുല്ലാഹി ദ്ദഹ്‌ലവി (ജനനം ഹി. 1114)

പന്ത്രണ്ടാം നൂറ്റാണ്ടിൽ ഇന്ത്യയിലെ മുസ്‌ലിം ഭരണം ചക്രശ്വാസം വലിക്കുന്ന ഘട്ടത്തിലാണ് ശാഹ് വലിയ്യുല്ലാഹിദ്ദഹ്‌ലവിയുടെ രംഗപ്രവേശം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കക്ഷിത്വങ്ങളും മുസ്‌ലിം സമൂഹത്തിൽ നുഴഞ്ഞുകയറി. മദ്ഹബീ പക്ഷപാതിത്വങ്ങളും ഫിഖ്ഹിന്റെ നിഷ്ക്രിയത്വവും തസ്വവ്വുഫിന്റെ ദുരുപയോഗവും ഗ്രീക്കു തത്ത്വചിന്തയുടെയും തർക്കശാസ്ത്രത്തിന്റെയും അതിപ്രസരവും ഹദീസ് പഠനത്തിൽനിന്ന് ജനങ്ങളെ പിന്തള്ളിയ അവസരം കൂടിയായിരുന്നു അത്. പ്രബോധനത്തിനും പരിഷ്കരണത്തിനും പുതിയ പാതകൾ വെട്ടിത്തെളിച്ച് വിശ്വാസ, കർമ, ചിന്താ രംഗത്ത് ഖുർആന്നും ഹദീസിന്നും പ്രാമുഖ്യം നൽകി; സലഫുസ്സാലിഹുകളുടെ പാതയിലേക്ക് ഉമ്മത്തിനെ നയിച്ച പ്രതിഭയാണദ്ദേഹം. ഈ രംഗത്ത് അദ്ദേഹത്തിനു വിജയം നേടാൻ കഴിഞ്ഞു.

ഹുജ്ജത്തുല്ലാഹിൽ ബാലിഗ, ഇഖ്ദുൽ ജീദ് ഫീ അഹ്കാമിൽ ഇജ്തിഹാദി വത്തഖ്‌ലീദ്, ഫൗസുൽകബീർ അൽമുസവ്വാ ഫീ ശർഹിൽ മുവത്ത്വ, അൽ ഇൻസ്വാഫ് ഫീ ബയാനി സബബിൽ ഇഖ്തിലാഫ് തുടങ്ങി ധാരാളം കൃതികളുടെ കർത്താവാണ് ദഹ്‌ലവി.

സമകാലികരായ മുഹദ്ദിസ് മുഹമ്മദ് ഫാഖിർ സാഇർ ഇലാഹാബാദി, മുഹദ്ദിസ് മള്ഹർ ജാനജാനാൻ തുടങ്ങിയവരും പുത്രന്മാരായ ശാഹ് അബ്ദുൽ അസീസ് (1159-1239), ശാഹ് അബ്ദുൽ ഖാദിർ (1167-1253), ശാഹ് റഫീഉദ്ദീൻ (1162-1233), ശാഹ് അബ്ദുൽഗനി (മരണം ഹി. 1227) തുടങ്ങിയവരും മത പുനരുത്ഥാന പ്രവർത്തനങ്ങളിലും ഇൽമുൽ ഹദീസിന്റെ പ്രചാരണത്തിലും വഹിച്ച പങ്ക് നിസ്തുലമാണ്.

### നവാബ് സിദ്ദീഖ് ഹസൻ ഖാൻ

പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് സുന്നത്ത് പുനരുജ്ജീവന പ്രസ്ഥാനം ശക്തിപ്രാപിക്കുന്നത്. ദൽഹി, ബിഹാർ, ബംഗാൾ, സിന്ധ്, ഡക്കാൻ, ഗുജറാത്ത്, പഞ്ചാബ് തുടങ്ങി ഉത്തര-ദക്ഷിണേന്ത്യൻ ഭൂവിഭാഗങ്ങളിൽ വ്യാപിച്ച് അറേബ്യയോളമെത്തിയ ഒരു തരംഗമായിരുന്നു അത്. ഈ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയത് നവാബ് സിദ്ദീഖ് ഹസൻ ഭോപ്പാലിയും, ഇമാം സയ്യിദ് നദീർഹുസൈൻ മുഹദ്ദിസ് അദ്ദഹ്‌ലവിയുമായിരുന്നു. ആദ്യത്തെ വ്യക്തി, ഗ്രന്ഥരചനാ പ്രസിദ്ധീകരണം, സാമ്പത്തികസഹായം എന്നീ നിലകളിൽ പ്രവർത്തിച്ചപ്പോൾ രണ്ടാമത്തെയാൾ 62 വർഷം നീണ്ടുനിന്ന ഹദീസ് അധ്യാപനത്തിലൂടെയാണ് സേവനം നിർവഹിച്ചത്. സയ്യിദ് ഇസ്മാഈൽ ശഹീദിൽനിന്നാണ് ഇവർക്ക് ഊർജം ലഭിച്ചത്. തുടർന്ന് ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ എണ്ണം വളരെയധികം വർധിച്ചു.

സയ്യിദ് റശീദ് റിദ ഹി. 1353-ൽ എഴുതി: "നമ്മുടെ സഹോദരന്മാരായ ഇന്ത്യൻ പണ്ഡിതന്മാരുടെ ശ്രമമില്ലായിരുന്നെങ്കിൽ ഹദീസ് വിജ്ഞാനം പൗരസ്ത്യ മേഖലയിൽനിന്ന് നാമാവശേഷമാകുമായിരുന്നു. ഈജിപ്ത്, ശാം, ഇറാഖ്, ഹിജാസ് എന്നീ മേഖലകളിൽ ഹിജ്റ പത്താം നൂറ്റാണ്ടുമുതൽ ആരംഭിച്ച ദൗർബല്യം പതിനാലാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ പാരമ്യതയിൽ എത്തി." (മിഫ്താഹ് കുനൂസിസ്സുന്നയുടെ ആമുഖം)

ഹി. 1347-ൽ അല്ലാമാ അൽ മുഹഖ്ഖിഖ് അബ്ദുൽ അസീസിൽ ഖൂലി 'മിഫ്താഹുസ്സുന്ന'യിൽ വർത്തമാന കാല ഹദീസ് വിജ്ഞാനത്തിന്റെ അവസ്ഥയെക്കുറിച്ച് എഴുതി:

"ഇസ്‌ലാമിക സമൂഹം അംഗസംഖ്യയിൽ വളരെകൂടുതലും, വ്യത്യസ്ത വിഭാഗങ്ങളുമായിരുന്നിട്ടും നമ്മുടെ ഇന്ത്യൻ മുസ്‌ലിം സഹോദരന്മാരെപ്പോലെ ഹദീസ് വിജ്ഞാന മേഖലയിൽ ശ്രദ്ധകേന്ദ്രീകരിച്ച മറ്റൊരു വിഭാഗവും ഉണ്ടായിരുന്നില്ല. സ്വതന്ത്രചിന്തയോടെ, ഇസ്നാദുകൾ പരിശോധിച്ച് ഗവേഷണ പഠനം നടത്തിയ, മൂന്നാം നൂറ്റാണ്ടിലേതുപോലുള്ള ഹദീസ് പഠിതാക്കളും ഹാഫിളുകളും അവരിലുണ്ടായിരുന്നു."

ഫത്ഹുൽ ബാരി, ഇബ്നു കസീർ, സുനനുദ്ദാരിമി, തൽഖീസുൽ കബീർ, ബുലൂഗുൽ മറാം, അദബുൽ മുഫ്റദ്, അദ്ദിറായത്തു ഫീ തഖ്‌രീജിൽ ഹിദായ, സുബുലുസ്സലാം, മുൻത്വഖന്നുഖൂൻ, ജാമിഉൽ ഉലൂം തുടങ്ങി അപ്രകാശിതവും അലഭ്യവുമായിരുന്ന അനേകം ഗ്രന്ഥങ്ങൾ സിദ്ദീഖ് ഹസൻ ഖാൻ അച്ചടിപ്പിച്ചു സൗജന്യമായി വിതരണംചെയ്തു.

അറബി-ഉർദു- പേർഷ്യൻ ഭാഷകളിലായി 222 ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു.

ചുരുക്കത്തിൽ, ലോകപ്രശസ്തവും അനേക വാള്യങ്ങൾ വരുന്നതുമായ, 'അബൂദാവൂദി'ന്റെ വ്യാഖ്യാനമായ 'ഔനുൽ മഅ്ബൂദ്' (ശംസുൽ ഹഖ് അസീമാബാദി) തിർമിദിയുടെ വ്യാഖ്യാനമായ 'തുഹ്ഫതുൽ അഹ്‌വദി'(അബ്ദുർറഹ്മാനുബ്നു അബ്ദിർറഹീം മുബാറക് പൂരി), 'സ്വഹീഹു മുസ്‌ലിമി'ന്റെ വ്യാഖ്യാനമായ 'ഫത്ഹുൽ മുൽഹിം' (ശബീർ അഹ്മദുൽ ഉസ്മാനി), 'സ്വഹീഹു മുസ്‌ലിമി'ന്റെ വ്യാഖ്യാനമായ 'ഫൈളുൽബാരി' (അൻവർഷാഹ് കശ്മീരി) ഇമാം മാലികിന്റെ 'മുവത്ത്വ'യുടെ വ്യാഖ്യാനമായ 'ഔജസുൽ മസാലിക്' (ശൈഖ് സകരിയ്യൽ കന്ധേലവി) തുടങ്ങിയവ ഇന്ത്യൻ പണ്ഡിതന്മാരുടെ സംഭാവനകളാണ്.

ഇന്ത്യയിലെ അഹ്‌ലെ ഹദീസ് പ്രസ്ഥാനവും, ദാറുൽ ഉലൂം-ദയൂബന്ദ്, മളാഹിറുൽ ഉലൂം-സഹാറൻപൂർ തുടങ്ങിയ സ്ഥാപനങ്ങളും ഈ വിജ്ഞാനശാഖക്കു ചെയ്ത സംഭാവനകൾ അതുല്യമായിത്തന്നെ നിലനിൽക്കും. ■